LIBRARY ARCHIVES Kerala Legislative Assembly

മാതൃകാ അങ്കണവാടി

298 (1671) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് നടപടി യെടുത്തിട്ടുണ്ടോ ;

(ബി) മാതൃകാ അംഗൻവാടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത ആവശ്യത്തിനായി 2014-15 വർഷത്തിൽ നീക്കിവച്ച തുക എത്രയായിരുന്നു ; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മാതൃകാ അംഗൻവാടികളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്നത് എത്ര തുകയാണ് ; ഇത് പര്യാപ്തമാണോ ;

(ഇ) സംസ്ഥാനത്തെ എല്ലാ അംഗൻവാടികളെയും മാതൃകാ അംഗൻവാടിയുടെ നിലവാരത്തിലേക്കുയർത്താൻ സാധിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടി വീതം 140 അങ്കണവാടികളാണ് മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം. ഒരു മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണത്തിന്റെ തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത്. അടങ്കൽ തുകയുടെ 15% തുകകൂടി ആവശ്യമായി വരുന്നെങ്കിൽ അധിക ചെലവ് വഹിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ 54.5249 കോടി രൂപ സാമൂഹ്യനീതി ഡയറക്ടറുടെ 14907 നമ്പർ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചാണ് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നത്. ആയതിൽ, 9,60,53,909 രൂപ (ഒമ്പത് കോടി അറുപത് ലക്ഷത്തി അമ്പത്തിമൂവായിരത്തി തൊള്ളായിരത്തി ഒമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ഡി) മാതൃകാ അങ്കണവാടികളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ വീതം 21 അങ്കണവാടികൾക്ക് 42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 119 മാതൃകാ അങ്കണവാടികളിൽ സൗകര്യമൊരുക്കുന്നതിനായി ഒരു അങ്കണവാടിക്ക് 2,55,000 രൂപ നിരക്കിൽ 3,03,45,000 രൂപയും അനുവദിച്ചിട്ടുണ്ട്. ടി ആവശ്യത്തിന് പ്രസ്തുത തുക പര്യാപ്തമാണ്.

(ഇ) 10 സെന്റ് ഭൂമി ആവശ്യമായി വരുന്നതിനാലും കൂടുതൽ ഫണ്ട് ആവശ്യമായതിനാലുമാണ് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളെയും മാതൃകാ അങ്കണവാടിയുടെ നിലവാരത്തിലേക്കുയർത്താൻ സാധിക്കാത്തത്.

മാതൃകാ അങ്കണവാടികൾ

299 (1672) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാതൃകാ അംഗൻവാടികളുടെ പ്രവർത്തനം എത്രത്തോളം കാര്യക്ഷമമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ മാതൃകാ അംഗൻവാടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ സാമൂഹിക വിഭവ കേന്ദ്രങ്ങളായി പ്രവർത്തിപ്പിക്കുവാനും 3 തലമുറകളുടെ (കുട്ടികൾ, കൗമാരപ്രായക്കാർ, വൃദ്ധ ജനങ്ങൾ) സംഗമസ്ഥാനമാക്കി മാറ്റുവാനും കഴിയുന്നു. ലൈബ്രറി സൗകര്യം, അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും മീറ്റിംഗ് നടത്തുന്നതിനുള്ള സൗകര്യം, വൃദ്ധ ജനങ്ങൾക്കുള്ള പകൽ വീട്, ഇന്റർനെറ്റ് സൗകര്യങ്ങൾ, വിനോദ സൗകര്യങ്ങൾ എന്നിവയും മാതൃകാ അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly